**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5191** **14-03-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത കയ്യേറ്റത്തിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെൻറ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിൽ താമസിക്കുന്ന 52 ആദിവാസികളുടെ കൈവശ ഭൂമി നാട്ടുകാർ തട്ടിയെടുത്തുവെന്ന് 2017 ഏപ്രിൽ മൂന്നാം തീയതി ഒരു പ്രമുഖ ദിനപത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. ആയത് ഗൗരവത്തോടെ കാണുകയും അന്വേഷണം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഡിവിഷൻ പരുത്തിപ്പള്ളി റെയിഞ്ച് പരിധിയിൽ വരുന്ന വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ അനധികൃതമായി ഭൂമി കൈയ്യേറിയവരും വിലയ്ക്ക് വാങ്ങിയവരുമായ 19 വ്യക്തികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അനധികൃത കയ്യേറ്റം നിലവിൽ ഒഴിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കയ്യേറ്റങ്ങൾ നെടുമങ്ങാട് താലൂക്ക് പരിധിയിൽ പരുത്തിപ്പള്ളി റെയിഞ്ചിൽ തൊളിക്കോട്, വിതുര, ആര്യനാട് വില്ലേജുകളിൽ ഉൾപ്പെട്ട് വരുന്നതും , ആയതിൽ തൊളിക്കോട് വില്ലേജിൽ രണ്ട് കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും അഞ്ച് കൈയ്യേറ്റക്കാർക്ക് ഒഴിഞ്ഞ് പോകുന്നതിനുള്ള നോട്ടീസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടുള്ളതും, മറ്റുള്ളവരുടെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പോലീസ്, റവന്യൂ വകുപ്പുകൾ മുഖേന സ്വീകരിച്ചുവരുന്നതുമാണ്. |
| (സി) | ഒ. പി. നം. 18467/2002 കേസ്സിൽ ഹൈക്കോടതി 4.09.2015 -ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പ്രസ്തുത അനധികൃത കയ്യേറ്റത്തിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | ബഹു. ഹൈക്കോടതിയുടെ 04.09.2015 ലെ ഒപി 18467/2002 കേസ്സിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ട് കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും അഞ്ച് കൈയ്യേറ്റക്കാർക്ക് ഒഴിഞ്ഞ് പോകുന്നതിനുള്ള നോട്ടീസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടുള്ളതും മറ്റുള്ളവരുടെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പോലീസ്, റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ